ഭരണഭാഷ-മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം- 1

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ഹസീന പി.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം –ജൂനിയർ സൂപ്രണ്ട് /ജെ.എ.എ(എൻ.റ്റി ) തസ്തികയിലെ 2022 വർഷത്തെ പൊതു സ്ഥലം മാറ്റം - അനോമലി പരിഹരിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1) 31.08.2022 ലെ DT/3556/2022-A3 നമ്പർ ഉത്തരവ്.

2) ശ്രീ.ഷോബി.എ, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ കോഴിക്കോട് -ന്റെ 01.09.2022 ലെ പരാതി .

3) ശ്രീമതി.കർപ്പഹം എസ്, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ കരുണാപുരം -ന്റെ 2.09.2022 ലെ പരാതി.

4) ശ്രീ ജോസ് പ്രകാശ്,ജൂനിയർ സൂപ്രണ്ട് ,ഐ.ടി.ഐ തേവലക്കരയുടെ 01.09.2022 ലെ അപേക്ഷ .

5) ശ്രീമതി പ്രിയ എൻ ,ജൂനിയർ സൂപ്രണ്ട് ,ഐ.ടി.ഐ ആരക്കുഴയുടെ 05.09.2022 ലെ അപേക്ഷ .

6) 25.11.2022 ലെ സ.ഉ (സാ.ധാ) നം.1395/2022/LBR നമ്പർ ഉത്തരവ്.

**********

**ഉത്തരവ് നമ്പർ: DT/3556/2022-A3 തീയതി: 16-01-2023**

പരാമർശം 1 പ്രകാരം ജൂനിയർ സൂപ്രണ്ട് /ജെ.എ.എ(എൻ.റ്റി) തസ്തികയുടെ 2022 വർഷത്തെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കി ഉത്തരവായിരുന്നു. ടി പൊതു സ്ഥലംമാറ്റത്തിൽ അപാകതയുണ്ടെന്നും ആയത് പരിഹരിച്ചു നൽകണമെന്നും ചുവടെ പറയുന്ന ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ട്.

1) ഷോബി എ ,ജൂനിയർ സൂപ്രണ്ട് ,ഐ.ടി.ഐ കോഴിക്കോട്

2) ശ്രീമതി.കർപ്പഹം എസ്, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ കരുണാപുരം

3) ശ്രീ ജോസ് പ്രകാശ്,ജൂനിയർ സൂപ്രണ്ട് ,ഐ.ടി.ഐ തേവലക്കര

4) ശ്രീമതി പ്രിയ എൻ ,ജൂനിയർ സൂപ്രണ്ട്,ഐ.ടി.ഐ ആരക്കുഴ

2022 പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ലഭ്യമായ അനോമലി അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഓഫ് ലൈൻ ആയി പരിഹരിക്കുന്നതിന് പരാമർശം 6 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം 2 മുതൽ 5 പ്രകാരം സമർപ്പിച്ചിട്ടുള്ള അനോമലി അപേക്ഷകൾ വിശദമായി പരിശോധിച്ച് ,പൊതു സ്ഥലം മാറ്റ നിബന്ധനകൾക്ക് വിധേയമായി, ചുവടെ പറയും വിധം പരിഹരിച്ച്

ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/തസ്തിക /സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.ഷോബി എ , ജൂനിയർ സൂപ്രണ്ട് , ഐ.ടി.ഐ കോഴിക്കോട് | ഐ.ടി.ഐ ഇളമാട് | വിവിധ തസ്തികകളിലുള്ള ടിയാന്റെ തുടർച്ചയായുള്ള ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലും (ഹെഡ് ക്ലാർക്ക് തസ്തികയിലുൾപ്പെടെ ജില്ലയ്ക്ക് പുറത്താണ് ജോലി ചെയ്തിട്ടുള്ളത് എന്നുള്ള ടിയാന്റെ അനോമലി പരിഹരിക്കുന്നതിനുള്ള അപേക്ഷയിലെ വാദം) പൊതു സ്ഥലം മാറ്റ ചട്ടം 5(vii), 9(iii) ബാധകമായിട്ടുള്ളതിനാലും അനോമലി അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം അനുവദിക്കുന്നു. |
| 2 | ശ്രീ.രഞ്ജിത്ത് ജി.ആർ , ജൂനിയർ സൂപ്രണ്ട് , ഐ.ടി.ഐ ഇളമാട് | ഐ.ടി.ഐ കോഴിക്കോട് | ശ്രീ.ഷോബി എ യുടെ അനോമലി അപേക്ഷ പരിഗണിക്കുന്നതിനായി ശ്രീ.രഞ്ജിത്ത് ജി.ആർ നെ ശ്രീ.ഷോബി എ-ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നത് വഴി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുണ്ടാകുന്ന കോഴിക്കോട് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നു. |
| 3 | ശ്രീമതി.കർപ്പഹം എസ്, ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ കരുണാപുരം | | ടിയാളുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുമ്പോൾ നിലവിലെ സ്ഥാപനത്തിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ല. ടിയാളുടെ ജൂനിയർ ആയിട്ടുള്ള ആർക്കും തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങളിൽ സ്ഥലം മാറ്റം നൽകിയിട്ടില്ല. ടിയാൾ പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ പ്രത്യേക മുൻഗണന വിഭാഗത്തിൽപ്പെടുന്നുണ്ടെങ്കിലും പ്രസ്തുത വിഭാഗത്തിലുള്ള ജീവനക്കാർക്ക് പൊതു സ്ഥലം മാറ്റം അനുവദിക്കുന്നത് ആകെ ഒഴിവുകളുടെ 20% അധികരിക്കരുത് എന്ന് പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുമുണ്ട്. പൊതു സ്ഥലം മാറ്റത്തിനായി വകുപ്പിൽ ആകെ 4 ഒഴിവുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നതിനാൽ പ്രത്യേക മുൻഗണന വിഭാഗത്തിനായി ഒഴിവുകൾ മാറ്റി വയ്ക്കുവാൻ കഴിയുകയില്ല. ടി സാഹചര്യത്തിൽ |

I/264262/2023

| | | | |
|---|---|---|---|
| | | | ശ്രീ.കർപ്പഹം .എസ് -ന്റെ അപേക്ഷ പരിഗണനാർഹമല്ല . |
| 4 | ശ്രീ ജോസ് പ്രകാശ്, ജൂനിയർ സൂപ്രണ്ട് , ഐ.ടി.ഐ തേവലക്കര (നിലവിൽ ഐ.ടി.ഐ പുറക്കാട്) | | ആലപ്പുഴ ജില്ലയിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാരന്റെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുന്നതിനായാണ് കൊല്ലം ജില്ലയിൽ 3 വർഷത്തിലധികം തുടർച്ചയായി സേവനത്തിലുണ്ടായിരുന്ന ടിയാനെ ആലപ്പുഴ ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയത്. ടിയാന്റെ അനോമലി അപേക്ഷ പൊതു സ്ഥലം മാറ്റ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാൽ പരിഗണനാർഹമല്ല . |
| 5 | ശ്രീമതി പ്രിയ എൻ , ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ ആരക്കുഴ | | പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷിച്ച സ്ഥാപനത്തിൽ തുറന്ന ഒഴിവ് ഇല്ലാത്തതിനാലും ടിയാളുടെ അപക്ഷ പൊതു സ്ഥലം മാറ്റ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാലും പരിഗണനാർഹമല്ല . |

സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാരെ അതാത് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാരെ വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം അറിയിക്കേണ്ടതുമാണ്.

(ഒപ്പ് /-)

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

**<u>സ്വീകർത്താവ്:</u>**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

**പകർപ്പ് :**

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ /സി.എ (ഡി.റ്റി /എ.ഡി.റ്റി /ജെ.ഡി.റ്റി )

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്